ഭരണഭാഷ - മാതൃഭാഷ

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

# പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംങ്ഷൻ, തിരുവനന്തപുരം - 33

# (ഹാജർ -അനുപമ.റ്റി.വി. ഐ.എ.എസ്സ്.)

നം.ഇ **LR E7/1218/2021** **19-01-2023**

വിഷയം : ജീവനക്കാര്യം : വില്ലേജ് ഓഫീസർ-റവന്യൂ ഇൻസ്പെക്ടർ-ഹെഡ് ക്ലർക്ക് തസ്തിക ഓൺലൈൻ സ്ഥലംമാറ്റം-ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25-02-2017 ലെ സ.ഉ(പി)3-2017 നം. സർക്കാർ ഉത്തരവ്.

2. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 05-04-2018 ലെ സ.ഉ(കൈ)10-2018 നം. സർക്കാർ ഉത്തരവ്.

3. റവന്യൂ (സി) വകുപ്പിന്റെ 26-08-2020 ലെ 2723-20 നം. സർക്കാർ ഉത്തരവ്.

4. lrd.kerala.gov.in പോർട്ടലിൽ 15-05-2022 തീയതിയിൽ ലഭിച്ച ഓൺലൈൻ അപേക്ഷകൾ.

5. 08-08-2022 തീയതിയിൽ എൽ.ആർ.ഇ7-1218-2021 നമ്പരായി പ്രസിദ്ധീകരിച്ച അന്തിമ മുൻഗണനാ പട്ടിക.

6. 24-08-2022, 09-12-2022 തീയതികളിലെ ഇതേ നം. സ്ഥലംമാറ്റ നടപടിക്രമങ്ങൾ.

7. സ.ഉ. (സാധാ) നം. 246-2023-ആർ.ഡി, തീയതി 13-01-2023

8. കൊല്ലം ജില്ലാ കളക്ടറുടെ 18-01-2023 ലെ DCKLM-8871-2021-E1 നമ്പർ കത്ത്.

9. കോട്ടയം ജില്ലാ കളക്ടറുടെ 18-01-2023 ലെ എ1583-2023 നമ്പർ കത്ത്

10. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 16-01-2023 ലെ ബി1-934-2022 നമ്പർ കത്ത്

ഓൺലൈൻ മുഖാന്തിരം സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സൂചന (1), (2), (3) പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സൂചന (4) പ്രകാരം സ്ഥലംമാറ്റത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ

പരിഗണിച്ച് മാനദണ്ഡങ്ങൾക്കനുസൃതമായി നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി വില്ലേജ് ഓഫീസർ-റവന്യൂ ഇൻസ്പെക്ടർ-ഹെഡ് ക്ലർക്ക് തസ്തികയിൽ പരാമർശം (5) പ്രകാരമുള്ള അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. 24-08-2022 തീയതി പ്രസിദ്ധീകരിച്ച സ്ഥലംമാറ്റ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് ആവശ്യമെങ്കിൽ തങ്ങളുടെ ഹയർ ഓപ്ഷൻ റദ്ദ് ചെയ്യുന്നതിന് അവസരം നൽകിയിരുന്നു. പരാമർശം (7) പ്രകാരം സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർ ലൈൻ) പദ്ധതിയ്ക്കായിട്ട് നിയമിച്ചിരുന്ന ഉദ്യോഗസ്ഥരെ വിവിധ എൽ.എ സ്പെഷ്യൽ കാര്യാലയങ്ങളിലേയ്ക്ക് പുനർവിന്യസിക്കുവാൻ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ഔട്ടർ റിംഗ് റോഡിനായി രൂപീകരിക്കുന്ന 3 എൽ.എ. സ്പെഷ്യൽ യൂണിറ്റ് കാര്യാലയങ്ങളിലേയ്ക്ക് തിരുവനന്തപുരം, കൊല്ലം, കോട്ടയം ജില്ലകളിലെ സിൽവർ ലൈൻ പദ്ധതിയ്ക്ക് നിയോഗിച്ചിരുന്ന ജഡീവനക്കാരെ പുന്ർവിന്യസിക്കേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും സൂചന (8), (9) പ്രകാരം കൊല്ലം, കോട്ടയം ജില്ലകളിൽ മതിയായ ഒഴിവുള്ളതിനാൽ പുനർവിന്യസിക്കാൻ ജീവനക്കാരില്ലെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലും തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് സ്റ്റേഷനിൽ 2, ചിറയിൻകീഴ് സ്റ്റേഷനിൽ 3 റവന്യൂ ഇൻസ്പെക്ടർമാരുടെ ഒഴിവ് ഉണ്ടായിട്ടുള്ളതാണ്. മേൽ പറഞ്ഞ 5 ഒഴിവുകളിലേയ്ക്ക് പരാമർശം (5) പ്രകാരമുള്ള പട്ടികയിൽ നിന്നും ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ.നം | പേര്& പെൻ | നിലവിൽ ജോലി ചെയ്യുന്ന ജില്ല/സ്റ്റേഷൻ | സ്ഥലം മാറ്റി നിയമിക്കുന്ന ജില്ല/സ്റ്റേഷൻ | ട്രാൻസ്ഫർ തരം |
|---|---|---|---|---|
| 1 | എ. മുഹമ്മദ് സലിൽ(105410) | തിരുവനന്തപുരം/വർക്കല | തിരുവനന്തപുരം/ ചിറയിൻകീഴ് | ഓപ്ഷൻ |
| 2 | സിനി എച്ച് ഐ(105398) | കണ്ണൂർ/കണ്ണൂർ | തിരുവനന്തപുരം/ ചിറയിൻകീഴ് | ഓപ്ഷൻ |
| 3 | ബോബി എ(134614) | കൊല്ലം/പുനലൂർ | തിരുവനന്തപുരം/ ചിറയിൻകീഴ് | ഓപ്ഷൻ |
| 4 | സന്തോഷ് കുമാർ.എസ്സ്.എസ്സ്(323552) | ഇടുക്കി/ദേവികുളം | തിരുവനന്തപുരം/നെടുമങ്ങാട് | ഓപ്ഷൻ |
| 5 | സംഗീത ശശിധരൻ(506733) | ഇടുക്കി/ഉടുമ്പൻചോല | തിരുവനന്തപുരം/നെടുമങ്ങാട് | ഓപ്ഷൻ |
| 6 | ശ്രീജാകുമാരി എൽ(105720) | കാസർഗോഡ്/കാസർഗോഡ് | തിരുവനന്തപുരം/വർക്കല | ഓപ്ഷൻ |
| 7 | ബോസ് ബി(165001) | തൃശ്ശൂർ/തൃശ്ശൂർ | കൊല്ലം/പുനലൂർ | ഓപ്ഷൻ |

ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പകരം ജീവനക്കാർ വരുന്നതിന് കാത്തിരിക്കാതെ മേൽ പട്ടികയിലുള്ള ജീവനക്കാരെ ഉത്തരവ് തീയതി മുതൽ 3 ദിവസത്തിനുള്ളിൽ വിടുതൽ

ചെയ്യേണ്ടതും അവരവരുടെ പേരിന് നേരെ കാണിക്കുന്ന സ്റ്റേഷൻ/ ഓഫീസുകളിലേയ്ക്ക് മാത്രം നിയമനം നൽകേണ്ടതുമാണ്. കൂടാതെ സ്ഥലം മാറ്റം ചെയ്യപ്പെട്ട ജീവനക്കാരെ അവരവരുടെ ഓഫീസുകളിൽ ജോലി പ്രവേശിപ്പിച്ചതിന് ശേഷം സ്പാർക്കിൽ വിട്ടുതൽ ചെയ്യുന്നതു പോലെ തന്നെ HRMS മോഡ്യൂളിലും വിടുതൽ - ജോലി പ്രവേശനം നടത്തേണ്ടതും, ടി വിവരങ്ങൾ സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്നും ഡേറ്റ ശരിയാണെന്നും ബന്ധപ്പെട്ട ഓഫീസ് മേധാവികളും ജില്ലാ കളക്ടർമാരും ഉറപ്പ വരുത്തേണ്ടതുമാണ്. HRMS ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് കാണിക്കുന്ന സാക്ഷ്യപത്രം ജില്ലാ കളക്ടർമാർ ഉടൻ സമർപ്പിക്കേണ്ടതാണ്.

കമ്മീഷണർ

പകർപ്പ്

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, തിരുവനന്തപുരം
2. എല്ലാ ജില്ലാ കലക്ടർമാർക്കും
3. സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
4. ഡയറക്ടർ, ILDM, തിരുവനന്തപുരം
5. ഡയറക്ടർ, സർവ്വെ & ലാൻഡ് റിക്കാർഡ്സ്, തിരുവനന്തപുരം
6. ഡെപ്യൂട്ടി കലക്ടർ, വിജിലൻസ് (ഉത്തര, ദക്ഷിണ, മദ്ധ്യമേഖല)
7. അസിസ്റ്റന്റ് കമ്മീഷണർ (ആർ ഇ) & (എസ് സി)
8. സൂപ്രണ്ട്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ
9. നോഡൽ ഓഫീസർ, സ്റ്റേറ്റ് ഐടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
10. കരുതൽ ഫയൽ